എൻ.ഇ.പി(1)/66660/2011/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 14.03.2014

# സർക്കുലർ

വിഷയം :- **മദ്രസാ ഗ്രാന്റ് – ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് – മാർഗനിർദേശങ്ങൾ – സംബന്ധിച്ച്.**

സൂചന :- (1). 30.12.2013 ലെ ഇതേ നമ്പർ സർക്കുലർ

(2). പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ 10.03.2014 ലെ 7878/ഡി1/2014/ പൊ.വി.വ. നമ്പർ കത്ത്.

സൂചന (1) ലെ സർക്കുലർ പ്രകാരം SPQEM എന്ന നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ടുപയോഗിച്ച് മദ്രസാ ലൈബ്രറിയിലേക്ക് കേരള ബുക്ക് മാർക്ക് സൊസൈറ്റിയിൽനിന്നുമാത്രമേ പുസ്തകങ്ങൾ വാങ്ങാൻ പാടുള്ളൂ എന്ന് നിർദേശിച്ചിരുന്നു. എന്നാൽ, സൂചന (2) ലെ പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ കത്തിൽ നിയന്ത്രണങ്ങൾ ഒഴിവാക്കി മറ്റു പുസ്തക പ്രസാധകരിൽനിന്നും പുസ്തകങ്ങൾ വാങ്ങുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെടുന്നു.

മേൽ സാഹചര്യത്തിൽ, 30.12.2013 ലെ നിർദേശം പിൻവലിക്കുകയും കേരള ബുക്ക്മാർക്ക് സൊസൈറ്റിക്കുപുറമേ മറ്റു പുസ്തക പ്രസാധകരിൽനിന്നും പുസ്തകങ്ങൾ വാങ്ങാവുന്നതാണ് എന്ന് ഇതിനാൽ നിർദേശം നൽകുന്നു. പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ അനുശാസിച്ചിട്ടുള്ള ചട്ടങ്ങളും നിയമങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ മാത്രമേ ഈ ഫണ്ടുപയോഗിച്ച് മദ്രസാ ലൈബ്രറിക്കായി വാങ്ങുവാൻ പാടുള്ളൂ. കമ്മീഷൻ ഉൾപ്പെടെ മുഴുവൻ തുകയ്ക്കും പുസ്തകം വാങ്ങേണ്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വെബ്സൈറ്റിൽ (www.education.kerala.gov.in) പുസ്തകങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

To,

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. കേരള ബുക്ക്മാർക്ക് സൊസൈറ്റി
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
*(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*